**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1602** **05-07-2022 - ൽ മറുപടിയ്ക്ക്**

**നാളികേര വിലയിടിവ് പരിഹരിക്കുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നാളികേര വിലയിടിവ് കാരണം കേരകർഷകർ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | നാളികേര വിലയിടിവ് കാരണം ചില ജില്ലകളിലെ കേര കർഷകർ ബുദ്ധിമുട്ടിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പച്ചത്തേങ്ങയുടെ താങ്ങു വില കിലോയ്ക്ക് 27 രൂപയിൽ നിന്നും 32 രൂപയാക്കി സർക്കാർ വർധിപ്പിക്കുകയും, കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപറേഷൻ എന്നീ സ്ഥാപനങ്ങളെ പച്ചത്തേങ്ങ സംഭരണത്തിനായിട്ടുള്ള നോഡൽ ഏജൻസികളായി തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട് . 2022 ജൂൺ മാസം മുതൽ കേരഫെഡ് നേരിട്ടും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK) മുഖേനയും കർഷകരിൽനിന്നും പച്ചത്തേങ്ങ 32 രൂപ നിരക്കിൽ സംഭരിക്കുകയും ചെയ്യുന്നുണ്ട്.<br><br>ആദ്യ ഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ്, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് നാളികേര പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി, എന്നിവിടങ്ങളിലാണ് കേരഫെഡ് നാളികേര സംഭരണകേന്ദ്രങ്ങൾ ആരംഭിച്ച് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചിരുന്നത്. പച്ചതേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ ഉണ്ടായിരുന്ന മേല്പറഞ്ഞ 5 കേന്ദ്രങ്ങൾ കൂടാതെ കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേനയും കേരഫെഡ് നേരിട്ടും, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK) യുടെ 36 വിപണികൾ വഴിയും 2022 |

| | | | |
|---|---|---|---|
| | | | ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ VFPCK യുടെ 15 വിപണികൾ വഴിയും, മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും, കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയും ആണ് ഈ സംഭരണ നടക്കുന്നത്. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. |
| (ബി) | വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന ഏജൻസികൾ കൊപ്ര സംഭരിക്കരുതെന്ന വ്യവസ്ഥ നാഫെഡ് കർശനമാക്കിയതോടെ പ്രധാന ഏജൻസിയായ കേരഫെഡ് ഇതുവരെ കൊപ്ര സംഭരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നാളികേര വിലയിടിവിന് കാരണമായിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന ഏജൻസികൾ കൊപ്ര സംഭരിക്കരുതെന്ന വ്യവസ്ഥ നാഫെഡ് കർശനമാക്കിയതോടെ പ്രധാന ഏജൻസിയായ കേരഫെഡ് ഇതുവരെ കൊപ്ര സംഭരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് നാളികേര വിലയിടിവിന് കാരണമായിട്ടില്ല. |
| (സി) | പച്ചത്തേങ്ങ സംഭരണത്തിന് കോഴിക്കോട് ജില്ലയിൽ ഏതൊക്കെ കേന്ദ്രങ്ങളാണ് നിലവിലുള്ളത് എന്നറിയിക്കാമോ; കുറ്റ്യാടിയിലോ പരിസരത്തോ പച്ചത്തേങ്ങ സംഭരണകേന്ദ്രമുണ്ടോ എന്നറിയിക്കാമോ; | (സി) | പച്ചത്തേങ്ങ സംഭരണത്തിന് കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരിലുള്ള കേരഫെഡ് ഫാക്ടറി മുഖേന കേരഫെഡ് നേരിട്ടും, വി.എഫ്.പി.സി.കെ യുടെ 9 വിപണികൾ വഴിയും പച്ചത്തേങ്ങ സംഭരിച്ച് വരുന്നു. (മുക്കം, മാവൂർ, വെള്ളന്നൂർ, തിരുവമ്പാടി, കൊടിയത്തൂർ, കൂടരഞ്ഞി, കാക്കൂർ, തലകളത്തൂർ, കുന്ദമംഗലം.) കുറ്റ്യാടിയിലോ പരിസരത്തോ വി.എഫ്.പി.സി.കെ യുടെ പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾ നിലവിലില്ല. |
| (ഡി) | നാളികേര വിലയിടിവ് കാരണം പ്രതിസന്ധിയിലായ കേര കർഷകർക്ക് സംഭരണ കേന്ദ്രങ്ങളിലേക്കുള്ള വർദ്ധിച്ച ദൂരം കാരണം പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ? | (ഡി) | ദൂരത്തിന്റെ പ്രയാസം ചൂണ്ടിക്കാണിക്കുന്ന യിടങ്ങളിൽ നിന്ന് നാളികേരം സംഭരിക്കാൻ സംവിധാനമൊരുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ